# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 230 — 01/04/2013 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>കെ. ശിവദാസൻ നായർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ പട്ടികജാതി വിദ്യാർത്ഥികൾക്കായി പുതുതായി ഏർപ്പെടുത്തിയ വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിച്ചു. പ്രവേശനപരീക്ഷയ്ക്ക് സജ്ജരാകുന്നതിനായി പത്താംക്ലാസ്സിൽ 'ബി പ്ലസ്സും' അതിൽ കൂടുതലും ഗ്രേഡ് വാങ്ങി വിജയിച്ച വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി പഠനത്തോടൊപ്പം എൻട്രൻസ് കോച്ചിംഗിനുള്ള പദ്ധതി നടപ്പിലാക്കി. 8-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി സൈക്കിൾ വിതരണം ചെയ്യു, എം.ബി.ബി.എസ്/ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി ലാപ് ടോപ്പ് വിതരണം ചെയ്യാൻ തീരുമാനിച്ചു. ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 1.22 കോടി രൂപ അനുവദിച്ചു. 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി കേന്ദ്രസഹായത്തോടെ പ്രീമെട്രിക് സ്കോളർഷിപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചു. ഇത് പ്രകാരം ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് പ്രതിമാസം 350 രൂപ നിരക്കിലും മറ്റു വിദ്യാർത്ഥികൾക്ക് 150 രൂപ നിരക്കിലും സ്കോളർഷിപ്പ് ലഭിക്കും. കൂടാതെ യഥാക്രമം 1000 രൂപയും 750 രൂപയും പുസ്തക ഗ്രാന്റായി ലഭിക്കും. കൂടാതെ ശാരീരിക |

| | | | |
|---|---|---|---|
| | | | വൈകല്യമുള്ളവർക്ക് റീഡർ അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, ഹെൽപ്പർ അലവൻസ് എന്നീ ഇനങ്ങളിൽ 160 രൂപ നിരക്കിൽ പ്രതിമാസം നൽകുന്നതാണ്. കൂടാതെ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പ്രതിമാസം 240/ രൂപ കോച്ചിംഗ് അലവൻസ് അനുവദിക്കുന്നതാണ്. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് തുക പിന്നോക്ക ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകി വരുന്നതിനേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ